പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2399 **27-10-2026-ൽ മറുപടിയ്ക്ക്**

വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പ്രൊപ്പോസലുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പ്രൊപ്പോസലുകൾ ഉൾപ്പെടുന്ന നിവേദനം പരിഗണനയിലുണ്ടോ;

മറുപടി: പരിഗണനയിൽ ഉണ്ട്.

(ബി) വൈദ്യുതി രംഗത്തിന്റെ നവീകരണത്തിനായി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്;

മറുപടി: HT, LT ലൈനുകളുടെ ബലപ്പെടുത്തൽ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, RMU സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ, പുതിയ HT ലൈനുകൾ വലിക്കൽ, മെഡിക്കൽ കോളേജ് ആസ്ഥാനമായി പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

വൈദ്യുതി രംഗത്തിന്റെ നവീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/വിവിധ പൊതുസ്ഥാപനങ്ങൾ എന്നിവയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികൾക്ക് അനെർട്ട് സാങ്കേതിക സഹായം നൽകിവരുന്നു.

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി രംഗത്ത് പുരോഗമിക്കുന്ന വിവിധ പ്രവൃത്തികളും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

മറുപടി: വടക്കാഞ്ചേരി ഡിവിഷൻ കാര്യാലയത്തിന്റെ പരിധിയിൽ വൈദ്യുതി രംഗത്ത് വിവിധ പ്രവൃത്തികൾ ദൃതി 2, പരിഗണനയിലുള്ള ദൃതി 3 പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ചെയ്ത് വരുന്നുണ്ട്. നിലവിലുള്ള bare conductor over head line-കൾ മാറ്റി കേബിൾ ഉപയോഗിച്ചുള്ള റീകണ്ടക്ടറിങ് വർക്കുകൾ, വോൾട്ടേജ് കുറവുള്ള പ്രദേശങ്ങളിൽ സിംഗിൾ ഫേസ് ലൈനുകൾ, ത്രീഫേസ് ആക്കിമാറ്റുന്ന പ്രവൃത്തി, വടക്കാഞ്ചേരി സബ്സ്റ്റേഷനിൽ നിന്നും പുതിയതായി 11 KV ഫീഡറുകൾ സ്ഥാപിക്കുന്ന പ്രവർത്തി, ട്രാൻസ്ഫോർമർ 100KVA-യിൽ നിന്നും 160KVA-യിലേക്ക് ശേഷി വർദ്ധി പ്പിക്കൽ, 160KVA-യിൽ നിന്ന് 250KVA-യിലേക്ക് ശേഷി വർദ്ധിപ്പിക്കൽ, നിലവിലുള്ള fencing ഇല്ലാത്ത ട്രാൻസ്ഫോർമറുകൾക്ക് fencing സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ പുരോഗമിക്കുന്നു.

വർഷം / പദ്ധതി	വടക്കാഞ്ചേരി	പുന്നംപറമ്പ്	മെഡിക്കൽ കോളേജ്
2025-26 ദൃതി 2	269 ലക്ഷം രൂപയുടെ പദ്ധതികളിൽ 74.26% പ്രവൃത്തികൾ പൂർത്തീകരിച്ചു	315 ലക്ഷം രൂപയുടെ പദ്ധതികളിൽ 51% പ്രവൃത്തികൾ പൂർത്തീകരിച്ചു	260 ലക്ഷം രൂപയുടെ പദ്ധതികളിൽ 42% പ്രവൃത്തികൾ പൂർത്തീകരിച്ചു
2026-27 ദൃതി 2	459 ലക്ഷം രൂപയുടെ പദ്ധതികളിൽ 1.22% പ്രവൃത്തികൾ പൂർത്തീകരിച്ചു	298 ലക്ഷം രൂപയുടെ പദ്ധതികളിൾ 2.8% പ്രവൃത്തികൾ പൂർത്തീകരിച്ചു	473 ലക്ഷം രൂപയുടെ പദ്ധതികളിൽ 1.18% പ്രവൃത്തികൾ പൂർത്തീകരിച്ചു
അടുത്ത അഞ്ച് വർഷം, ദൃതി 3 (പരിഗണനയിലുള്ളത്)	7.95 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.	5.8 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.	7.45 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂർ (വെസ്റ്റ്) കാര്യാലയത്തിന്റെ പരിധിയിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ വരുന്ന വിയ്യൂർ, മുളങ്കുന്നത്ത്കാവ്, മുതുവറ, പറപ്പൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ HT കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് HT റീ കണ്ടക്ടറിങ് പ്രവർത്തികൾ, LT ABC കേബിൾ ഉപയോഗിച്ച് LT റീകണ്ടക്ടറിങ് വർക്കുകൾ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തികൾ എന്നിങ്ങനെ ദൃതി 2 (2025-26) പദ്ധതിയിൽ മൊത്തം 4.19 കോടി എസ്റ്റിമേറ്റ് തുകയുള്ള 30 പ്രവർത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ദൃതി (2026-27) പദ്ധതിയിൽ മൊത്തം 7.5 കോടി എസ്റ്റിമേറ്റ് തുകയുള്ള 79 പ്രവർത്തികൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ഈ പ്രവർത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി വരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെടുന്ന ചൂലിശ്ശേരി, മെഡിക്കൽ കോളേജ്, പുഴക്കൽ (ശോഭ സിറ്റി) എന്നീ 33 കെ.വി സബ്സ്റ്റേഷനുകളുടെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ വടക്കാഞ്ചേരി - പൂമല 33 കെ.വി ഇന്റർലിങ്കിംഗ് ലൈൻ നിർമ്മാണം, വടക്കാഞ്ചേരി സബ്സ്റ്റേഷനിൽ പുതിയ 110/33 കെ.വി, 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്, കൈപ്പറമ്പ ഗ്രാമപഞ്ചായത്ത് എന്നിവയുടെ വിവിധ ഘടക സ്ഥാപനങ്ങളിൽ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി അനെർട്ട് ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കിവരുന്നു.

PM KUSUM പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിന്റെ കീഴിൽ, അടാട്ട്, തോളൂർ, അവണൂർ, വടക്കാഞ്ചേരി, കൈപ്പറമ്പ് കൃഷി ഭവനുകളുടെ പരിധിയിൽ ജലസേചനത്തിനായുള്ള കാർഷിക പമ്പുകൾ സൗരോർജ്ജവത്കരിക്കാൻ അനെർട്ട് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 116 എണ്ണം സോളാർ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, 79 എണ്ണം വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ